ദൈവകൃപയാലെ അവൻ കരുണയാലെ
ഓരോ ദിനവും നടത്തിടുന്നു } 2

താഴ്ചകൾ വന്നിട്ടും വീഴ്ചകൾ വന്നിട്ടും
വലങ്കെ പിടിച്ചെന്നെ നടത്തിടുന്നു } 2

സ്തോത്രസ്തുതികളാലെ എന്റെ ആവശ്യങ്ങൾ
തിരുമുൻപിൽ ഞാൻ സമർപ്പിക്കുന്നെ

വാക്കു മാറാത്തവനായ് എന്നും കൂടെയുള്ള
നാഥൻ കൃപയ്ക്കായ് സ്തുതിച്ചിടുന്നെ } 2

എനിക്കാകുലങ്ങളും പ്രതികൂലങ്ങളും
അടിക്കടിയായ് ഉയർന്നിടുമ്പോൾ } 2

ആശ്വാസക്കരങ്ങളാൽ കോരിയെടുത്തവൻ
തിരുമാറിൽ എന്നെ ചേർത്തിടുമെ } 2

സ്തോത്ര ........

രോഗക്കിടക്കയിലും ദുഃഖവേളയിലും
നിന്നിൽമാത്രം ഞാൻ ആശ്രയിപ്പാൻ } 2

കൃപ പകരണം പൊന്നേശു നാഥാ
അനുദിനം നിന്നെ സ്തുതിച്ചിടുവാൻ } 2

സ്തോത്ര ........